# 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4690** **02-07-2024 - ൽ മറുപടിയ്ക്ക്**

## നീർത്തട മാസ്റ്റർ പ്ലാനുകൾ പരിഷ്കരിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലസ്രോതസ്സുകളുടെ മാറ്റങ്ങൾക്ക് അനുസൃതമായി നീർത്തട മാസ്റ്റർ പ്ലാനുകൾ പരിഷ്കരിക്കുന്നതിന് ആലോചിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. ഹരിതകേരള മിഷന്റെ ഭാഗമായി തദ്ദേശ സ്വയംഭരണാടിസ്ഥാനത്തിൽ നീർത്തട മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുകയും അതിൻ പ്രകാരം മുൻഗണനാ ക്രമത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്. ആയത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനതലം, ബ്ലോക്ക്തലം, ജില്ലാതലം എന്നിവിടങ്ങളിൽ സാങ്കേതിക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സാങ്കേതിക സമിതികളുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 1013 ഇടത്ത് നീർത്തട പ്ലാനുകൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 105 ബ്ലോക്കുകളിൽ നീർത്തട മാസ്റ്റർ പ്ലാനുകൾ പൂർത്തിയാക്കിയിട്ടുണ്ട്. എല്ലാ ഗ്രാമ പഞ്ചായത്തുകളിലും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ആരംഭിച്ച "നീരുറവ്" പദ്ധതിയുമായി ബന്ധപ്പെട്ട് ഈ നീർത്തട പ്ലാനുകൾ കൂടി പരിഗണിച്ചും അവയിൽ ആവശ്യമായ പരിഷ്കരണങ്ങൾ വരുത്തുകയും ചെയ്തുകൊണ്ട് "നീരുറവ്" മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതിനെ അടിസ്ഥാനപ്പെടുത്തിയുള്ള ജല സംരക്ഷണ പ്രവർത്തനങ്ങൾ നിർവ്വഹിച്ചു വരുന്നു. |
| (ബി) | ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ? | (ബി) | ഉണ്ട്. ഹരിതകേരള മിഷന്റെ ഭാഗമായി തദ്ദേശ സ്വയംഭരണാടിസ്ഥാനത്തിൽ നീർത്തട മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുകയും അതിൻ പ്രകാരം മുൻഗണനാ ക്രമത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്. ആയത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനതലം, ബ്ലോക്ക്തലം, ജില്ലാതലം എന്നിവിടങ്ങളിൽ സാങ്കേതിക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സാങ്കേതിക സമിതികളുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 1013 ഇടത്ത് നീർത്തട പ്ലാനുകൾ |

| | | | |
|---|---|---|---|
| | | | പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 105 ബ്ലോക്കുകളിൽ നീർത്തട മാസ്റ്റർ പ്ലാനുകൾ പൂർത്തിയാക്കിയിട്ടുണ്ട്. എല്ലാ ഗ്രാമ പഞ്ചായത്തുകളിലും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ആരംഭിച്ച "നീരുറവ്" പദ്ധതിയുമായി ബന്ധപ്പെട്ട് ഈ നീർത്തട പ്ലാനുകൾ കൂടി പരിഗണിച്ചും അവയിൽ ആവശ്യമായ പരിഷ്കരണങ്ങൾ വരുത്തുകയും ചെയ്തുകൊണ്ട് "നീരുറവ്" മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതിനെ അടിസ്ഥാനപ്പെടുത്തിയുള്ള ജല സംരക്ഷണ പ്രവർത്തനങ്ങൾ നിർവ്വഹിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ